**2023 -ൽ നടക്കുന്ന പ്ലംബിംഗ് ലൈസൻസ് പരീക്ഷയ്ക്കുള്ള അപേക്ഷ നിർദ്ദേശങ്ങൾ**

1)പ്ലംബിംഗ് ലൈസൻസ് പരീക്ഷയിൽ പങ്കെടുക്കാൻ അംഗീകാരം ലഭിച്ച അപേക്ഷകര് പരീക്ഷ ഫീസായ 100 രൂപയും അപേക്ഷഫോറത്തിന്റെ 10 രൂപയും അടക്കേണ്ടതാണ്.

2)(a).അപേക്ഷകരെ പരീക്ഷക്ക് പ്രവേശിപ്പിക്കണമെങ്കിൽ താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കണം.

i. അപേക്ഷകർ ഒരു ഇന്ത്യൻ പൗരനായിരിക്കണം.

ii. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് 21 വയസ്സ് പൂർത്തിയായിരിക്കണം.

iii. അപേക്ഷകർക്ക് സിവിൽ എഞ്ചിനീയറിംഗിൽ ,ആൾ ഇന്ത്യാകൗൺസിൽ ഫോർ ടെക്നികൽ എഡ്യുകേഷൻ അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ, ഇൻസ്റ്റിറ്റ്യൂഷ്യൻ ഓഫ് എഞ്ചിനീയേർസൊ ആൾ ഇന്ത്യാകൗൺസിൽ ഫോർ ടെക്നികൽ എഡ്യുകേഷനോ ,നാഷണൽകൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗോ, അംഗീകരിച്ച പ്ലംബിംഗിലോ സാനിറ്ററി എഞ്ചിനീയറിംഗിലോ ഉള്ള സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം.

iv. അപേക്ഷകർക്ക് പരീക്ഷ യോഗ്യത നേടിയതിനു ശേഷം പ്ലംബറുടെ കീഴിൽ കുറഞ്ഞത് മൂന്നുവർഷത്തെ പ്രവർത്തിപരിചയം ഉണ്ടായിരിക്കുകയും അവ തെളിയിക്കുന്ന ലൈസൻസ് നമ്പറോട് കൂടിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കുകയും വേണം.

(b). സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് മേല്പറഞ്ഞ നിർദ്ദേശങ്ങൾ 2(a) യിൽ (iii) ഒഴികെ മറ്റുള്ളവയെല്ലാം ബാധകമാണ് എങ്കിൽ അവരെ പ്ലംബിംഗ് ലൈസൻസ് പരീക്ഷയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

3) അപേക്ഷകരുടെ മൂന്നു മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ അപേക്ഷഫോറത്തിൽ അപ്‌ലോഡ് ചെയ്യണം. ശരിയായ രീതിയിൽ അറ്റസ്റ്റ് ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

4) കൃത്യമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന യോഗ്യത, പരിചയം, വയസ്സ് ഇവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഓഫീസറെ കൊണ്ടു സാക്ഷ്യപെടുത്തിയിരിക്കണം.

5) സമർപ്പിച്ച അപേക്ഷകൾക്ക് കേന്ദ്ര കാര്യാലയത്തിൽ നിന്നും അംഗീകാരം കിട്ടുന്ന മുറക്ക് മേല്പറഞ്ഞ 110/- രൂപ അടക്കുവാനുള്ള നിർദ്ദേശം SMS മുഖേന അപേക്ഷകർക്ക് ലഭിക്കുന്നതാണ്

6) പരീക്ഷ ഫീസ് അടച്ച അപേക്ഷകർക്ക് അറിയിപ്പ് ലഭിക്കുന്ന മുറക്ക് സൈറ്റിൽ നിന്നും ഹാൾ ടിക്കറ്റ് ഡൌൺലോഡ് ചെയ്യാവുന്നതാണ്.

7) പരീക്ഷയുടെ ചോദ്യങ്ങൾ മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങൾ മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാവുന്നതാണ്.

8)പരീക്ഷക്ക് ഹാജരാകുമ്പോൾ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ ഹാജരാക്കണം.

9) ബോർഡ് റെസൊല്യൂഷൻ 9876 പ്രകാരം പ്ലംബിംഗ് ലൈസൻസിന് വേണ്ടി അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധി 60 വയസ്സാണ്. അപേക്ഷകൻ കേരളാവാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥനാണെങ്കിൽ വിരമിച്ചു മൂന്നുവർഷത്തിന് ശേഷം മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ.

10) പ്ലംബിംഗ് ലൈസൻസ് പരീക്ഷക്ക് മുന്നോടിയായി പരിശീലന ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. അറിയിപ്പ് രജിസ്റ്റർഡ് മൊബൈൽ നമ്പർ വഴി അറിയിക്കുന്നതാണ്.

കൺട്രോളർ ഓഫ് എക്സാമിനേഷൻ

പ്ലംബിംഗ് ലൈസൻസ് പരീക്ഷ 2023

അപേക്ഷിക്കുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

1) 21 വയസ്സ് പൂർത്തിയായിട്ടുണ്ടോ?

2) പരീക്ഷ യോഗ്യത നേടിയതിനു ശേഷം കേരള വാട്ടർ അതോറിറ്റിയുടെ ലൈസൻസ് ഉള്ള പ്ലംബറുടെ കീഴിൽ കുറഞ്ഞത് മൂന്നുവര്ഷത്തെ പ്രവർത്തി പരിചയം നേടിയിരിക്കണം. അത് തെളിയിക്കുന്ന പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന മാതൃകയിൽ പ്രത്യേകമായി തയ്യാറാക്കി ഹാജരാക്കണം.പ്രത്യേകമായി തയ്യാറാക്കി സമർപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

പ്രവൃത്തി പരിചയസർട്ടിഫിക്കറ്റ് (മാതൃക)

തീയ്യതി .............

ശ്രീ./ശ്രീമതി ........................................ എൻെറ കീഴിൽ പ്ലംബറായി ................... (തീയ്യതി) മുതൽ

................... (തീയ്യതി) വരെ ജോലി ചെയ്തിരുന്നു/ചെയ്യുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്ന് :

പേര് :

ഒപ്പ് :

ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനിയർ
സാക്ഷ്യപ്പെടുത്തണം

ഒപ്പ് :

പ്ലംബിംഗ് ലൈസൻസ് നമ്പരോടു
കൂടിയ ഓഫീസ് സീല്

3) പ്രവേശനടിക്കറ്റിലെ അപേക്ഷകൻെറ ഫോട്ടോയിലും അപേക്ഷകൻെറ ഒപ്പ് ഐഡൻറിഫൈ ചെയ്യേണ്ട സ്ഥലത്തും കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റൻറ് എക്സിക്യൂറ്റീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാതെയുള്ള ഓഫീസറോ അല്ലെങ്കിൽ കേരള സർക്കാരിലെ ഗസറ്റഡ് ഓഫീസറോ ആയിരിക്കണം ഒപ്പ് ഇടേണ്ടത്. രണ്ട് സ്ഥലങ്ങളിലും ഒപ്പിടേണ്ട ഓഫീസർ ഒരാൾ തന്നെ ആയിരിക്കണം. ശരിയായ രീതിയിൽ അറ്റസ്റ്റ് ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.